74 (392) കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം നികത്താൻ നടപടി

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. നാലകത്തു സൂപ്പി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ യാത്രാതിരക്ക് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. ബസുകളിൽ ഓരോന്നിലും ശരാശരി എത്ര യാത്രക്കാർ സഞ്ചരിക്കുന്നുണ്ട്;

(സി) നിയമപരമായി ഒരു ബസിൽ യാത്ര ചെയ്യാൻ അനുവദിച്ചിട്ടുള്ളത് എത്ര പേർക്കാണ്;

(ഡി) കൂടുതൽ യാത്രക്കാർ സഞ്ചരിച്ചിട്ടും കെ.എസ്:ആർ.ടി.സി. നഷ്ടത്തിലാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) നഷ്ടം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1998-99 ലെ കണക്കനുസരിച്ച് ഒരു ബസിൽ പ്രതിദിനം ശരാശരി 908 യാത്രക്കാരാണ് സഞ്ചരിക്കുന്നത്.

(സി) 1. സിറ്റി ബസിൽ സീറ്റിംഗ് കപ്പാസിറ്റിക്കു പുറമെ അതിന്റെ 50% യാത്രക്കാരെയും കൂടി യാത്ര ചെയ്യുവാൻ അനുവദിച്ചിട്ടുണ്ട്.

2. ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ് എന്നീ ബസുകളിൽ സീറ്റിംഗ് കപ്പാസിറ്റിക്കു പുറമെ അതിന്റെ 25% യാത്രക്കാരെ കൂടി യാത്ര ചെയ്യുവാൻ അനുവദിച്ചിട്ടുണ്ട്.

(ഡി) ദേശവൽകൃത മേഖലയിലും ഗ്രാമപ്രദേശങ്ങളിലും ലാഭേച്ഛയില്ലാതെയാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത്. സാമൂഹ്യ സംഘടനകളുടെയും മറ്റും ആവശ്യപ്രകാരം ലാഭകരമല്ലാത്ത റൂട്ടുകളിലും സമയത്തും സർവ്വീസ് നടത്തുവാൻ കെ.എസ്.ആർ.ടി.സി. നിർബന്ധിതമാകുന്നു. ഇതിനു പുറമെ സമൂഹത്തിലെ അവശതയനുഭവിക്കുന്നവർക്കും കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന പ്രത്യേക വിഭാഗങ്ങൾക്കും സൗജന്യ യാത്രയും യാത്രാസൗജന്യവും അനുവദിക്കുന്നതുമൂലം ഗണ്യമായ വരുമാന നഷ്ടവും ഉണ്ടാകുന്നുണ്ട്. ഇത്തരത്തിലുള്ള സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതുമൂലം പ്രതിവർഷം 93 കോടി രൂപയുടെ വരുമാന നഷ്ടം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകുന്നുണ്ട്. മൊത്തത്തിലുള്ള പ്രവർത്തന ചെലവ് വരവിനേക്കാൾ കൂടുതലാണ്.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ സർവ്വീസുകളെ എ,ബി,സി,ഡി, എന്ന് നാലായി തിരിച്ചിട്ടുണ്ട്. ഇതിൽ ഉയർന്ന വരുമാനം ലഭിക്കുന്ന എ,ബി. എന്നീ വിഭാഗങ്ങൾ മുടക്കം കൂടാതെയും കൃത്യമായും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. വരുമാനചോർച്ച തടയുവാൻ പരിശോധനാവിഭാഗം ശക്തിപ്പെടുത്തി, കഴിവതും ഒറിജിനൽ സ്പെയർ പാർട്ടുകൾ ലഭ്യമാക്കി റിപ്പയർ ചെയ്യുന്നതിനാൽ ബ്രേക്ക്ഡൗൺ കുറയ്ക്കുവാനും അതുവഴിയുള്ള വരുമാന നഷ്ടം ഒഴിവാക്കുവാനും ശ്രമിക്കുന്നു. കൂടുതൽ പുതിയ ബസുകൾ നിരത്തിലിറക്കുവാൻ നടപടികളെടുത്തിട്ടുണ്ട്. ദേശവൽകൃത മേഖലയിൽ ഘട്ടംഘട്ടമായി കൂടുതൽ സർവ്വീസുകൾ ഓടിക്കുന്നതാണ്. രണ്ടു കണ്ടക്ടർമാരെയും രണ്ടു ഡ്രൈവർമാരെയും ഒരു മെക്കാനിക്കൽ വിഭാഗം ജീവനക്കാരനേയും ഉൾപ്പെടുത്തി ബസ് ക്രൂമാറ്റേജ് സിസ്റ്റം നടപ്പാക്കി വരുന്നു. ഇതുവഴി ബസും ജീവനക്കാരും തമ്മിലുള്ള ആത്മബന്ധം വർദ്ധിപ്പിക്കുവാൻ കഴിയുന്നുണ്ട്. ഇത്തരത്തിൽ എല്ലാ മേഖലകളിലും ശ്രദ്ധചെലുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് പരമാവധി ചുരുക്കുന്നതിനും ശ്രദ്ധിച്ചുവരുന്നു.

**75 (393) പെരിന്തൽമണ്ണ സ്പെഷ്യൽ സർവ്വീസ്**

<u>ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ജനുവരി 21-ാം തീയതി രാവിലെ 7.45-ന് കൊല്ലത്ത് നിന്ന് റ്റി.എസ്. 73-ാം നമ്പർ ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ ബസ് പെരിന്തൽമണ്ണയിലേയ്ക്ക് സ്പെഷ്യൽ സർവീസ് നടത്തുകയുണ്ടായോ;

(ബി) ഈ ബസ് പെരിന്തൽമണ്ണയ്ക്ക് സ്പെഷ്യൽ സർവ്വീസ് നടത്തിയത് എന്ത് ആവശ്യത്തിന് വേണ്ടിയായിരുന്നു; ഒരു ബസ് സ്പെഷ്യൽ സർവ്വീസ് നടത്തുമ്പോൾ ഒരു കി.മീറ്ററിന് എന്തു തുക കളക്ഷൻ കിട്ടണമെന്നാണ് വ്യവസ്ഥയുള്ളത്;

(സി) പ്രസ്തുത ബസ് പെരിന്തൽമണ്ണയ്ക്ക് പോയിവന്നപ്പോൾ എന്തു തുക കളക്ഷൻ ലഭിച്ചു;

(ഡി) പ്രസ്തുത ബസ് സാധാരണയായി ഏതു റൂട്ടിലാണ് ഓടിയിരുന്നത്;

(ഇ) പ്രസ്തുത റൂട്ടിൽ ആ ബസ് ഓടുമ്പോൾ ഒരു ദിവസം എന്തു തുക കളക്ഷൻ കിട്ടുമായിരുന്നു?

<u>ഉത്തരം</u>

(എ) സ്പെഷ്യൽ സർവ്വീസ് നടത്തുകയുണ്ടായില്ല. 6.30 നുള്ള കൊല്ലം-തിരുവനന്തപുരം-എറണാകുളം സർവ്വീസ് പെരിന്തൽമണ്ണയിലേയ്ക്ക് തിരിച്ച് വിടുകയുണ്ടായി.

(ബി) കെ.എസ്.ആർ.ടി.സി. യിലെ അംഗീകൃത ട്രേഡ് യൂണിയനായ കെ.എസ്.ആർ.റ്റി.എംപ്ലോയീസ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനം പെരിന്തൽമണ്ണയിൽ നടക്കുകയായിരുന്നതിനാൽ ജീവനക്കാരായ യാത്രക്കാരുടെ ആവശ്യപ്രകാരമാണ് സർവ്വീസ് തിരിച്ചു വിട്ടത്. സമ്മേളനത്തോടനുബന്ധിച്ച് ജീവനക്കാരെ പാസുപയോഗിച്ച് യാത്ര ചെയ്യാൻ അനുവദിക്കുന്ന നിയ

LIBRARY ARCHIVES Kerala Legislative Assembly